കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം(4)/1255/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി. 30-10-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ബ്ലോക്ക്പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1). ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2). അസി.ഡവലപ്പ്മെൻെറ് കമ്മീഷണർ (ജനറൽ ), മലപ്പുറം.
3). കാര്യാലയ പ്രതി.

എൽ. 11/20

നം.കെ.എസ്.എ.എം.പി.എം.4/1255/2020 തിയ്യതി: 30-10-2020

## മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.02.2019 മുതൽ 13.09.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

### ഓഡിറ്റ് നടത്തിയതിൻെറ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ.എ.എസ് സീനിയർഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.09.2020 മുതൽ 22.09.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൾ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |

### നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.ഖാലിദ് മാസ്റ്റർ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.പി.കേശവദാസ് | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ | ശ്രീ.സുമേഷ്.വി.ആർ | 01.04.2018 മുതൽ 31.03.2019വരെ |
| അസി.എഞ്ചിനിയർ | ശ്രീ.സുബിൻ.എസ്.ജെ | 01.04.2018 മുതൽ 31.03.2019വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഷൈജു.സി | 01.09.2018 മുതൽ 22.02.2019 വരെ |
| | ശ്രീ.അനീഷ്.എ | 23-02-2019 മുതൽ 31-03-2019 വരെ |
| അസി.ഡയറക്ടർ (കൃഷി) | ശ്രീ.സിബി.വി.കര്യക്കോസ് | 01.04.2018 മുതൽ 30.11.2018 വരെ |
| - ടി- | ശ്രീ.തോമസ്.ടി.ടി | 01.12.2018 മുതൽ 22.12.2018വരെ |

| | | |
|---|---|---|
| | | 13.02.2019 മുതൽ 14.03.2019വരെ |
| - ടി- | ശ്രീമതി.പ്രീത | 23.12.2018 മുതൽ 12.02.2019വരെ<br>15.03.2019 മുതൽ 31.03.2019വരെ |
| സി.ഡി.പി.ഒ | ശ്രീമതി.യമുന വി.കെ | 01.04.2018മുതൽ07.08.2018വരെ |
| | ശ്രീമതി.ഹഫ്സത്ത്.പി | 08.08.2018മുതൽ31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ജസീല വളപ്പിൽ | 01.04.2018 മുതൽ 31.03.2019വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശ്രീരാജ്.എം | 01.04.2018മുതൽ 31.03.2019വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.ദിവ്യ.ജി.എൽ | 01.04.2018മുതൽ 31.03.2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | പരസ്യ ചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല. | 1-12 |
| 13 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - അപാകതകൾ | 1-13 |
| 14 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 17829 രൂപ. | 1-14 |
| 15 | കരിങ്കൽ പടവിന് (RR) അധികനിരക്ക് അനുവദിച്ചു. നഷ്ടം 3143 രൂപ. | 1-15 |
| 16 | ഭൂമി വിട്ട് കിട്ടിയതിന്റെ വിശദാംശം ലഭ്യമല്ല. | 1-16 |
| 17 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 18 | വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്തില്ല. | 1-18 |
| 19 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-19 |

| | | |
|---|---|---|
| 20 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-20 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല. | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | കരിങ്കൽ പടവിന് (RR) അധികനിരക്ക് അനുവദിച്ചു. നഷ്ടം 3143 രൂപ. | 3-1 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 22 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 26 | വായ്പ . വായ്പ തിരിച്ചടവ് | 4-5 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 28 | ഓഡിറ്റ് റിക്കവറി | 4-7 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 30 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് , | അനുബന്ധം-1 |


.

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്.

2018-19 വർഷത്തെ ബജറ്റ് 26.02.2018 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.05.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 3,11,11,106 |
| വരവ് | 10,05,28,439 |
| ആകെ | 13,16,39,545 |
| ചെലവ് | 10,72,58,832 |
| നീക്കിയിരിപ്പ് | 2,43,80,713 |

### 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 59207000 | 59207000 | 53610710 | 5596290 |
| വികസനഫണ്ട് എസ്.സി.പി | 0 | 18372000 | 1837000 | 12602187 | 5769813 |
| വികസനഫണ്ട് ടി.എസ്.പി | 0 | 2511000 | 2511000 | 2053582 | 457418 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6718000 | 6718000 | 5675651 | 1042349 |
| ഐ.എ.വൈ (എസ്.സി) അഡീഷണൽ ഷെയർ | 23959670 | 18171655 | 42131325 | 24304457 | 17826868 |
| ടി.എസ്.സി | 1869458 | 69554 | 1939012 | 1931698 | 7314 |
| ജി.പി.ജി (ടി.എസ്.ബി) | 4513357 | 5579562 | 10092919 | 4369281 | 5723638 |
| ജോയിന്റ് വെഞ്ചർ | 768621 | 3472796 | 4241417 | 3978796 | 822621 |

### 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 12,38,38,907 | 106 | 7,39,42,130 | 0 | 17 | 86.18 % |

1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഇല്ല.

1-7 സാമൂഹ്യക്ഷേമപദ്ധതികൾ.

ഇല്ല.

1-8 ക്യാഷ് വേരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് നീക്കിയിരിപ്പില്ല.

1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു.

1)വൗച്ചറുകൾ സൂക്ഷിപ്പ് തൃപ്തികരമല്ല. എല്ലാ വൗച്ചറുകളും പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി അംഗീകൃതമാക്കേണ്ടതും ചെലവു സംബന്ധിച്ച രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ജി.ഒ(എം.എസ്) നം. 83/11/ത.സ്വ.ഭ.വ തി.28.03.2011)). ഫണ്ട് അടിസ്ഥാനത്തിൽ വൗച്ചറുകൾ സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2)ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ ശരിയായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3)എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും TR 7A കാഷ് ബുക്കിൽ ഫണ്ടുകളുടെ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ആയത് പാലിക്കുന്നില്ല. ഉദാ. എസ് സി ഡി ഒ. സെക്രട്ടറിയും മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി (ജി ഒ (പി ) നം. 177/2006/ഫിൻ തി. 12.04.2006) സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

4) ബ്ലോക്കുതല പ്രോക്യൂർമെന്റ് കമ്മറ്റി മിനട്സ് എഴുതി സൂക്ഷിക്കുന്നില്ല. (ജി ഒ(പി)നം.259/2010/ത.സ്വ.ഭ.വ തി. 08.11.2010) അപാകത പരിഹരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2019 മുതൽ 20.07.2019 വരെ | 01.08.2018 മുതൽ 30.06.2019 വരെ | 08.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2014 മുതൽ 20.03.2014 വരെ | 2010-11 മുതൽ 2012-13വരെ | 14.11.2014 |

1-11 വാർഷിക കണക്കിലെ അപാകതകൾ

1). വാർഷിക കണക്ക് പ്രകാരം വാടക, Sale of timber, Sale of Tender Forms, Auction of Obsolute assets എന്നീ ഇനങ്ങളിൽ വരവുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

2). അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കി സുക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 പ്രകാരമുള്ള (Temporary Advance for Official Purposes – 318100) തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). B-7 ഷെഡ്യൂൾ പ്രകാരം Contractors Retention, Rent Deposit എന്നീ ഇനങ്ങളിലായി 888937/- രൂപയുണ്ട്. എന്നാൽ

ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). B-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾ എന്ന ഇനത്തിൽ 1,03,48,693/- രൂപ ബാധ്യതയുണ്ട്. എന്നാൽ B-17 ഷെഡ്യൂൾ, RP40(b) എന്നിവ പ്രകാരം ഈ ഇനത്തിലെ നീക്കിയിരിപ്പ് (Treasury Special TSB – Joint Venture A/C 0947) 8,22,621 രൂപയാണ്. വ്യത്യാസം 95,26,072 വിശദമാക്കേണ്ടതാണ്.

6). Nationalised Canara Bank GST A/C No.0041 ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. (ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 272 രൂപ, ബാങ്ക് പാസ് ബുക്ക് പ്രകാരം 154 രൂപ).

7). വികസന ഫണ്ട് ഒഴികെയുള്ള ഫണ്ടുകളുടെ ചെലവു വിവരം സുലേഖയിൽ ചേർക്കുന്നില്ല.

8). RP-31 ഷെഡ്യൂളിൽ Joint Venture ഇനത്തിലുള്ള 5446400 (ജില്ലാ പഞ്ചായത്ത്), 620000 (ഗ്രാമപഞ്ചായത്ത്) എന്നിവയുടെ വിശദാംശം ഹാജരാക്കേണ്ടതാണ്.

## 1-12 പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

2018-19 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരസ്യചാർജ്ജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം/ തീയതി | തുക | ചെലവ് വിവരം |
|---|---|---|---|
| 1. | 21800051/11-05-2018 | 2,730 | 2018-19 വർഷത്തെ MPLAD പ്രവൃത്തികളുടെ ടെണ്ടർ പരസ്യമിനത്തിൽ മാധ്യമം ദിനപത്രത്തിൽ പരസ്യം നൽകിയതിന് നൽകിയ തുക. |
| 2. | 21800716/28-03-2019 | 7174 ൽ 5460 രൂപ | ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയതിന് നൽകിയ തുക.<br>ഇൻവോയിസ് നം.1912/DL/MLP17/22.10.17- 1680 രൂപ<br>ഇൻവോയിസ് നം.870/DL/MLP17/15.07.17- 1680 രൂപ<br>ഇൻവോയിസ് നം.344/11.05.18 - 2100 രൂപ |
| | ആകെ | 8190 രൂപ | |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനങ്ങൾ സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു നൽകുകയാണുണ്ടായത്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. അപാകതക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.13/22.09.2020) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-13 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 13/19

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ & വിനിയോഗിച്ച തുക – 29,00,000 (പ്ലാൻ ഫണ്ട് - ജനറൽ)

നിർവ്വഹണം - ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

ബിൽ നം. 1/18-19/ 19.07.18 – 14,00,000 രൂപ

ബിൽ നം. 2/18-19/ 20.08.18 – 2,34,141രൂപ

ബിൽ നം. 3/18-19/ 29.09.18 – 71,999 രൂപ

ബിൽ നം. 4/18-19/ 26.09.18 – 90,309 രൂപ

ബിൽ നം. 6/18-19/ 26.09.18 – 4,00,000 രൂപ

ബിൽ നം. 11/18-19/ 26.09.18 – 2,00,000 രൂപ

ബിൽ നം. 20/18-19/ 23.11.18 –1, 72,600 രൂപ

ബിൽ നം. 28/18-19/ 29.01.19 –21,987 രൂപ

ബിൽ നം. 29/18-19/ 29.01.19 –12, 586 രൂപ

ബിൽ നം. 30/18-19/ 29.01.19 –10, 080 രൂപ

ബിൽ നം. 31/18-19/ 29.01.19 –1,14, 303 രൂപ

ബിൽ നം. 32/18-19/ 29.01.19 –12, 260 രൂപ

ബിൽ നം. 34/18-19/ 29.01.19 –1,50,328 രൂപ

ബിൽ നം. 39/18-19/ 29.01.19 –3,331 രൂപ

ബിൽ നം. 44/18-19/ 29.01.19 –3,208 രൂപ

ബിൽ നം. 45/18-19/ 29.01.19 –2,868 രൂപ

പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീരസംഘത്തിന് നൽകുന്ന ഒരു ലിറ്റർ പാലിന് പരമാവധി നാലു രൂപ (ക്ഷീര വികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) ക്രമത്തിൽ ഒരു വർഷം പരമാവധി 40,000 രൂപ ഒരു കർഷകന് ലഭ്യമാക്കുക എന്നതാണ് വിഭാവനം ചെയ്തത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ പദ്ധതി വിഭാവനം ചെയ്തതിനു വിരുദ്ധമായി അമരമ്പലം, തുവ്വൂർ, കാളികാവ്, എടപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സംയുക്ത പദ്ധതിയായാണ് നടപ്പിലാക്കിയിട്ടുള്ളത്. തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി. ചോക്കാട്, കരുവാരകുണ്ട്, കരുളായി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് നേരിട്ടു നൽകി.

മേൽ ബിൽ നം. 2, 3, 4 എന്നിവ പ്രകാരം ചോക്കാട് ക്ഷീര സഹകരണ സംഘത്തിലെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ ചോക്കാട് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2). ചോക്കാട്, കരുവാരകുണ്ട്, കരുളായി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് നേരിട്ടു നൽകയാണ് ചെയ്തിട്ടുള്ളതെങ്കിലും ഒരു ക്ഷീര സഹകരണ സംഘത്തിന്റെയും പാലളവ് സ്റ്റേറ്റുമെന്റ് (സംഘത്തിന്റെ സെക്രട്ടറി ഒപ്പുവെച്ച് സീൽ പതിപ്പിച്ചത്) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എത്ര രൂപ

സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ടെന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മേൽ ബിൽ നം. 1, 6, 11 എന്നിവയിൽ ഒഴികെ മുഴുവൻ തുകയും ഈ മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കാണ് നൽകിയിട്ടുള്ളത്.

3). പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.12/22.09.2020) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 29,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. സർക്കാർ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചു കൊണ്ട് മാത്രം പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 27573 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112, 2111 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE/AEE മുഖേന, കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും AE/AEE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണ്.

മാത്രമല്ല, മേൽ ചട്ട പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുക പോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതവുമാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

1) പുല്ലഞ്ചേരി മാർത്തോമ പള്ളി റോഡ് ടാറിംഗ് 34/19.(കരുളായി ഗ്രാ.പ)

അടങ്കൽ: 500000 (വികസനഫണ്ട്-ജനറൽ)

കരാറുകാരൻ: ശ്രീ സക്കീർ കെ എസ്

കരാർ: 13/18-19/22-6-18

കരാർ തുക: 421496.40 രൂപ

അളവ് പുസ്തകം: 13/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 22-6-18

കരാർ കാലവധി: 6 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി: 21-12-18

പൂർത്തീകരിച്ചതീയതി: 15-2-19(അളവ് പുസ്തകം പേജ് 7)

ചെലവ്: 421496 രൂപ (ബിൽ 66/18-19/27-3-19)

മൂല്യനിർണ്ണയം: 421496

(-) നികുതികൾ: (4%) 16760

കരാറുകാരന് നൽകിയ തുക : 404636/- രൂപ

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 4215/ രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months:22-12-18 to 4-2-19= 45 ദിവസം, 421496*1%)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 2061/ രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months:5-2-19 to 15-2-19= 11 ദിവസം, 421496*11/45*2%=2061/)

ആകെ 6276 രൂപ.

2) മാമ്പോയിൽ തരിശ് SC കോളനി റോഡ് റീ ടാറിംഗ് 17/19.(അമരമ്പലം ഗ്രാ.പ)

അടങ്കൽ: 500000 (വികസനഫണ്ട്-ജനറൽ)

കരാറുകാരൻ: ശ്രീ മമ്മത് കെ

കരാർ: 10/18-19/22-6-18

കരാർ തുക: 458980 രൂപ

അളവ് പുസ്തകം: 10/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 22-6-18

കരാർ കാലവധി: 6 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി: 21-12-18

പൂർത്തീകരിച്ച തീയതി: 21-2-19 (അളവ് പുസ്തകം പേജ് 8)

ചെലവ്: 458980 രൂപ (ബിൽ 49/18-19/19-3-19)

മൂല്യനിർണ്ണയം: 458980/-രൂപ

(-) നികുതികൾ: (4%) 18360

(-) ഇൗടാക്കിയ പിഴ 4590

കരാറുകാരന് നൽകിയ തുക : 436030/-രൂപ

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 4590/ രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months:22-12-18 to 4-2-19= 45 ദിവസം, 458980*1%)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 3468/ രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months:5-2-19 to 21-2-19= 17 ദിവസം, 458980*17/45*2%=3468/)

ആകെ 8058 രൂപ

ഈടാക്കിയത് 4590 രൂപ

ബാക്കി: 3468 രൂപ

3) അമ്പലക്കുന്ന് SC കോളനി റോഡ് റീ ടാറിംഗ് 82/19.(കരുളായി ഗ്രാ.പ)

അടങ്കൽ: 750000 (വികസനഫണ്ട്-SCP)

കരാറുകാരൻ: ശ്രീ എ കെ അബ്ദുട്ടി

കരാർ: 3/18-19/20-6-18

കരാർ തുക: 749845 രൂപ

അളവ് പുസ്തകം: 3/18-19

പ്രവൃത്തിസ്ഥലം കൈമാറിയത്: 20-6-18

കരാർ കാലവധി: 6 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി: 19-12-18

പൂർത്തീകരിച്ച തീയതി: 5-3-19 (അളവ് പുസ്തകം പേജ് 16)

ചെലവ്: 749845 രൂപ

മൂല്യനിർണ്ണയം: 749845

(-) part bill 473093(ബിൽ 13/18-19/14-1-19)

ബാക്കി 276752(ബിൽ 59/18-19/27-3-19)

(-) നികുതികൾ: (4%) 11072

കരാറുകാരന് നൽകിയ തുക : 265680/- രൂപ

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 7498/ രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months:20-12-18 to 2-2-19= 45 ദിവസം, 749845*1%)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 10331/ രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months:3-2-19 to 5-3-19= 31 ദിവസം, 749845*31/45*2%=10331/)

ആകെ 17829 രൂപ.

4) കരുനെച്ചി SC കോളനി കുടിവെള്ള പദ്ധതി (SO 045/18)

അടങ്കൽ : 1681400/- രൂപ (വികസന ഫണ്ട് – എസ്.സി.പി)

കരാറുകാരൻ: ശ്രീ.വി.എം. ഫൈസൽ

കരാർ: എ.ഇ/കെ.കെ.വി/ബിപി/35/17-18 തീയതി 12-01-18

കരാർ തുക: 13,97,345 രൂപ

അളവ് പുസ്തകം: 38/17-18, 49/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 12-01-18

കരാർ കാലവധി: 6 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി: 11-07-18

പൂർത്തീകരിച്ച തീയതി: 7-1-19

ചെലവ്: 1476130/- രൂപ (1397346 + 78784 കറണ്ട് കണക്ഷൻ)
പാർട്ട് ബിൽ (1) 536088/- രൂപ (ബിൽ നം. 40/26-02-18)
(2) 466251/-രൂപ (ബിൽ നം.64/23-03-18)
ഫൈനൽബിൽ : 473791/- രൂപ (ബിൽ നം. 56/21-03-19)

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 13973/ രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months:12-07-18 to 25-8-18= 45 ദിവസം)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 27946/ രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months: 26-8-18 to 9-10-18= 45 ദിവസം)
10-10-18 – 11-7-18 : അനധികൃത പ്രവൃത്തി

ആകെ ഈടാക്കേണ്ട പിഴ : 41919/- രൂപ.

മേൽ പ്രകാരം 69492/- രൂപ (6276+3468+17829+41919) പിഴ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 3,6/17-9-2020 നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ഈടാക്കാനുള്ള 69492 രൂപ അതാത് കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-15 കരിങ്കൽ പടവിന് (RR) അധികനിരക്ക് അനുവദിച്ചു. നഷ്ടം 3143 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2018-19 വർഷത്തിൽ നടപ്പാക്കിയ പഴയകടക്കൽ GUPS ന് ചുറ്റുമതിലും പ്രവേശനകവാടവും 69/19 എന്ന പ്രവൃത്തിയിൽ കരിങ്കൽ പടവിന് (റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം, E3) അധികനിരക്ക് അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് (RRM with c m 1:6 foundation and basement) DSR Code 7.1.1 പ്രകാരം അനുവദനീയമായതിനേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതു വഴി 3143 രൂപ അധികം നൽകിയിട്ടുണ്ട്.

വിശദാംശം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 ഭൂമി വിട്ട് കിട്ടിയതിന്റെ വിശദാംശം ലഭ്യമല്ല.

പ്രവൃത്തി: പകൽ വീട് നിർമ്മാണം (അമരമ്പലം ഗ്രാമ പഞ്ചായത്ത്) 44/18, 95/19

നിർവ്വഹണോദ്യോഗസ്ഥൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

അടങ്കൽ: 32,77,000 രൂപ (വികസനഫണ്ട് - ജനറൽ)

കരാറുകാരൻ : ശ്രീ മമ്മത്.

കരാർ: 28/17-18/13-11-17

ചെലവ്: 24,68,492 രൂപ.(2018-19: 971940 രൂപ, ബിൽ നംപർ 5/18-19/17-9-18)

താഴെ പറയും പ്രകാരം വിട്ട് കിട്ടാൻ അപേക്ഷ നൽകപ്പെട്ട ഭൂമിയിലാണ് മേൽ പ്രവൃത്തി പ്രകാരമുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

വിശദാംശം:

ഭൂമി വിട്ട് കൊടുക്കുന്നതിനുള്ള അപേക്ഷാ തീയതി: 25-5- 2017

അപേക്ഷകർ: 1) കെ മുഹമ്മത് ബഷീർ, ചെയർമാൻ, പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി, പൂക്കോട്ടുംപാടം

2) പി ഉണ്ണി മൊയ്തീൻ, സെക്രട്ടറി, -----do----

വില്ലേജ്: അമരമ്പലം

സർവ്വേ നമ്പർ: 121/371 ൽ 23-2

വിട്ട് കൊടുത്തത്: 0.0347 ഹെക്ടർ

പട്ടയം: 1973 ലെ 352--ാം നംപർ

മേൽ അപേക്ഷയിൽ വില്ലേജ് ഓഫീസർ 26-5-2017 ന് ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. മേൽ അപേക്ഷ തുടർനടപടികൾക്കായി RDO ക്ക് അയച്ച് കൊടുത്ത് RDO മേൽ നടപടി സ്വീകരിച്ച്, മേൽ പറഞ്ഞ സ്ഥലം ബ്ളോക്ക് പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 4/17-9-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ പ്രകാരമുള്ള ഭൂമി വിട്ട് കിട്ടിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-17 കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ സമഗ്ര നെൽകൃഷി വികസനം (നമ്പർ 11/19), പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (നമ്പർ 12/19) എന്നീ പ്രൊജക്ടുകൾ സംയുക്ത പ്രൊജക്റ്റ് ആണോ എന്നത് സംബന്ധിച്ച് പ്രൊജക്റ്റിൽ രേഖപ്പെടുത്തൽ ഇല്ല. സംയുക്ത പ്രൊജക്റ്റ് ആണെങ്കിൽ പ്രൊജക്റ്റ് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഏതാണെന്ന വിവരം പ്രൊജക്റ്റ് പ്രൊഫോർമയിൽ നം. 19 ൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രൊജക്ടുകളോടൊപ്പം ഉൾപ്പെടുത്തിയ പ്രൊജക്റ്റ് വിവരണക്കുറിപ്പിൽ ഇവയെ സംയുക്ത പ്രൊജക്ടുകൾ ആയാണ് രേഖപ്പെടുത്തിയത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി ഓഫീസർമാർ നൽകിയ ലിസ്റ്റ് പ്രകാരമുള്ള തുകകൾ ആ ലിസ്റ്റിൽ ഉള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തത്. പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനു 85000 രൂപ വിതം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തി പ്രൊജക്റ്റ് നമ്പർ 53/19 ആയി കാളികാവ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പ്രൊജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അത് പോലെ 42500 രൂപ വിതം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തി പ്രൊജക്റ്റ് നമ്പർ 188/19 ആയി കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പ്രൊജക്റ്റും ഫയലിൽ ഉണ്ട്. പൊതു വിഭാഗം വികസനഫണ്ട് വകയിരുത്തിയാണ് 2 പ്രൊജക്ടുകളും നിർവ്വഹണം നടത്തിയത്. ചെലവ് വിവരം താഴെ ചേർക്കുന്നു.

1. പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

| ബിൽ നമ്പർ | തുക |
|---|---|
| 1/27.11.2018 | 85000 |
| 6/30.1.09 | 42500 |
| 12/12.2.19 | 42500 |
| 14/12.2.19 | 25500 |
| 15/20.3.19 | 255000 |
| ആകെ | 493000 |

2. സമഗ്ര നെൽകൃഷി വികസനം

| ബിൽ നമ്പർ | തുക |
|---|---|

| | |
|---|---|
| 2/27.11.18 | 125936 |
| 3/30.1.19 | 35190 |
| 7/30.1.19 | 210885 |
| 8/30.1.19 | 425000 |
| 9/30.1.19 | 469064 |
| 10/12.2.19 | 85000 |
| 16/20.3.19 | 127500 |
| ആകെ | 1478575 |

സംയുക്ത പ്രൊജക്റ്റിൽ ഏർപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരസ്പരം കരാറിൽ ഏർപ്പെടേണ്ടതും മുഖ്യ പങ്കാളിയായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഫണ്ട് കൈമാറേണ്ടതും ആ സ്ഥാപനം പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്. ഈ നടപടിക്രമങ്ങളൊന്നും ഈ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-18 വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്തില്ല.

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. (IAY PLAN – Canara Bank- A/c.No.4692101004509)

| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | തുക | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ട് ചെയ്ത തിയ്യതി | ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയ്യതി. |
|---|---|---|---|---|---|
| 1 | 506987/ 11.04.2019 | 143333 | 11.04.2019 | 07.05.2019 | 11.04.2019 |
| 2 | 506992/ 10.06.2019 | 48000 | 10.06.2019 | 04.07.2019 | 11.06.2019 |
| 3 | 506991 /04.06.2019 | 303500 | 04.06.2019 | 04.07.2019 | 04.06.2019 |
| 4 | 506994 /09.07.2019 | 3879696 | 09.07.2019 | 22.07.2019 | 10.07.2019 |
| 5 | 506998 /06.09.2019 | 88000 | 06.09.2019 | 17.09.2019 | 06.09.2019 |
| 6 | 852502/ 09.10.2019 | 502500 | 09.10.2019 | 30.10.2019 | 10.10.2019 |
| 7 | 852507 /04.01.2020 | 75000 | 04.01.2020 | 23.01.2020 | 06.01.2020 |
| 8 | 852503/ 23.10.2019 | 20000 | 23.10.2019 | 30.10.2019 | 23.10.2019 |
| 9 | 096912 /04.03.2020 | 140000 | 04.03.2020 | 12.03.2020 | 05.03.2020 |
| 10 | 096913 /04.03.2020 | 108000 | 04.03.2020 | 12.03.2020 | 05.03.2020 |

അപാകതക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :08/18.09.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 50/19 |
| പ്രൊജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ. |
| ചെലവഴിച്ച തുക | 6,55,000/- രൂപ. |
| ഫണ്ട് | വികസന ഫണ്ട് (ടി.എസ്.പി) |
| ബിൽ നമ്പർ / തിയ്യതി | 1/2018-19 തിയ്യതി. 31.10.2018 – 1,50,000 രൂപ. |
| | 2/2018-19 തിയ്യതി. 15.11.2018 - 50,000 രൂപ. |
| | 3/2018-19 തിയ്യതി. 24.11.2018 – 1,20,000 രൂപ. |
| | 4/2018-19 തിയ്യതി. 29.11.2018 - 60,000 രൂപ. |
| | 5/2018-19 തിയ്യതി. 20.12.2018 - 50,000 രൂപ. |
| | 6/2018-19 തിയ്യതി. 22.12.2018 - 50,000 രൂപ. |
| | 7/2018-19 തിയ്യതി. 28.122018 – 1,10,000 രൂപ. |
| | 8/2018-19 തിയ്യതി. 29.01.2019 - 40,000 രൂപ. |
| | 9/2018-19 തിയ്യതി. 22.02.2019 - 25,000 രൂപ. |

2018-19 സാമ്പത്തിക വർഷത്തേക്ക് ബാധകമായ സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.2.17 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ/പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 4 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിൽ ശ്രീ. സത്യൻ.കെ, കയമഉറുമൻ, ഭ്രമിക്കുത്ത്, കരുളായി.പി.ഒ എന്ന ഗുണഭോക്താവിന് ഇപ്രകാരമുള്ള മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് രണ്ട് ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. കൂടാതെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :09/18.09.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താവിന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ 2,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 30/19 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശു വികസന പദ്ധതി ഓഫീസർ. |
| ചെലവഴിച്ച തുക | 11,68,725/- രൂപ. |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ / തിയ്യതി | 4/2018-19 തിയ്യതി. 30.11.2018 |

2018-19 സാമ്പത്തിക വർഷത്തേക്ക് ബാധകമായ സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/ തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.1.2 (എ) 6 പ്രകാരം സൈഡ് വീലോട് കൂടിയ സ്കൂട്ടർ ഓടിക്കുന്നതിന് ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 15 ഗുണഭോക്താക്കൾക്ക്

77,915/- രൂപ നിരക്കിൽ സൈഡ് വീലോട് കൂടിയ സ്കൂട്ടർ വിതരണം നടത്തിയതിൽ താഴെ പറയുന്ന 3 ഗുണഭോക്താക്കളുടെ ലേണേഴ്സ് ലൈസൻസിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.

1). ശ്രീമതി.ജമീല, ഞാറംതൊടി, എടപ്പറ്റ.

2). ശ്രീ. മുനീർ, പള്ളിപ്പറമ്പൻ ഹൗസ്, കരുളായി.പി.ഒ

3). ശ്രീ. മുഹമ്മദാലി, പത്താക്കൽ ഹൗസ്, എടപ്പറ്റ.

ലേണേഴ്സ് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :10/18.09.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ ലേണേഴ്സ് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ 2,33,745/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരിങ്കൽ പടവിന് (RR) അധികനിരക്ക് അനുവദിച്ചു. നഷ്ടം 3143 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2018-19 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ കരിങ്കൽ പടവിന് (റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം, E3) അധികനിരക്ക് അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് (RRM with c m 1:6 foundation and basement) DSR Code 7.1.1 അനുവദനീയമായതിനേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതു വഴി 3143 രൂപ അധികം നൽകിയിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: പഴയകടക്കൽ GUPS ന് ചുറ്റുമതിലും പ്രവേശന കവാടവും 69/19 (കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത്)

അടങ്കൽ: 500000 രൂപ (വികസനഫണ്ട് ജനറൽ)

കരാറുകാരൻ: ശ്രീ മുഹമ്മത് കാരുള്ളി

കരാർ: 34/18-19/24-7-18 (0.44%below)

അളവ് പുസ്തകം: 34/18-19

ചെലവ്: 484567 രൂപ (ബിൽ 47/18-19/19-3-19)

മൂല്യനിർണ്ണയം: 484567

(-) നികുതികൾ: (4%) 19384

കരാറുകാരന്: 465183

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 7.1.1 @37.25% cost index | അനുവദിച്ചത് DSR(2016) 7.1.1 @37.25% index | അധികം |
|---|---|---|---|---|
| RRM with c m 1:6 foundation and basement<br>ഇനം (E3) | 22.30m3 | 5419.18/m3<br>(5443.13-0.44%)<br>= 120847.71 | 5560.12 (തെറ്റായ നിരക്ക് നൽകി)<br>=123990.68 | 3142.96<br>രൂപ |

ഉയർന്ന നിരക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 3142.96/-രൂപ (123990.68-120847.71 ) തിരിച്ചടക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 1/15-9-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 3143/-രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.08.2019 മുതൽ 14.08.2019 വരെ | കെ.എസ്.എ.എം.പി.എം4/1165/2019<br>തിയ്യതി: 26.08.2019 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 6,88,296 | കാളികാവ് പുഴയ്ക്ക് അമ്പലക്കടവ് പാലത്തിന് താഴെ തടയണ. | 0 | 6,88,296 |
| | 3,99,000 | പി.എം.എ.വൈ എസ്.സി വിഹിതം. | 2,94,000 | 1,05,000 |
| | 2,94,000 | പി.എം.എ.വൈ എസ്.ടി വിഹിതം. | 63,000 | 2,31,000 |
| | 12,20,400 | പി.എം.എ.വൈ ജനറൽ വിഹിതം. | 12,20,400 | 0 |
| | 11,33,000 | പി.എം.എ.വൈ ജനറൽ | 11,33,000 | 0 |

| | | | | |
|---|---|---|---|---|
| | | വിഹിതം. | | |
| | 24,00,000 | ഐ.എ.വൈ സംസ്ഥാന വിഹിതം. | 24,00,000 | 0 |
| കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് | 6,20,000 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം. | 4,90,000 | 1,30,000 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്.

ഇല്ല.

4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

ഇല്ല.

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,05,28,439 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,72,58,832 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,143 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 33,33,745 |

ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.</u>

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | 0 | 3,143 | ശ്രീ.സുബിൻ.എസ്.ജെ, അസി.എഞ്ചിനിയർ |

സി)<u>ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-13 | 29,00,000 | ശ്രീമതി.ദിവ്യ.ജി.എൽ, ക്ഷീര വികസന ഓഫീസർ |
| 1-19 | 2,00,000 | ശ്രീ.ഷൈജു.സി., ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 2,33,745 | ശ്രീമതി.ഹഫ്സത്ത്. പി, ശിശു വികസന പദ്ധതി ഓഫീസർ |
| ആകെ | 33,33,745 | |

ഡി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>

ഇല്ല.

എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | 3,143 | ശ്രീ.സുബിൻ.എസ്.ജെ, അസി.എഞ്ചിനിയർ | എസ്.ജെ.വില്ല, ഞാവേലിക്കോണം, കിളിമാനൂർ – 695601 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11 | എൽ.എഫ്.എം. 4/2487/12 തിയ്യതി 08-05-2012 | 3 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/838/2014 തിയ്യതി11-06-2014 , 05-07-2014 | 23 |
| 2013-14 | എൽ.എഫ്.എം. 4/638/2015 തിയ്യതി 29-07-2015 | 6 |
| 2014-15 | കെ.എസ്.എ.എം.പി.എം.4/19/2016 തിയ്യതി.15-01-2016 | 14 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/561/2017 തിയ്യതി.17-03-2017 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/2874/2018 തിയ്യതി.14.06.2019 | 5 |
| 2017-18 | കെ.എസ്.എ.എം.പി.എം.4/391/2019 തിയ്യതി.22.07.2020 | 8 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

<u>അനുബന്ധം – 1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം.</u>

കെ.എസ്.എ.എം.പി.എം.4/1165/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 26.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം